# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി3/1194/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി3/1194/23 തീയ്യതി: 21/09/2023

## കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2023 മുതൽ 07-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എ.ആർ ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 21-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 21-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി. , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.നിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

3.അന്ന അബ്രഹാം, ഓഡിറ്റർ(ഹ.ഗ്രേ)

4.ധന്യ. എം, ഓഡിറ്റർ (18.07.23 മുതൽ)

5.വിദ്യാസാഗർ. ജി (13.07.23 മുതൽ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.രാജീവൻ.പി(വൈസ് പ്രസിഡണ്ട് - അധിക ചുമതല) | പ്രസിഡന്റ് | 01-04-2022 | 14-07-2022 |
| ശ്രീമതി.സീന.വി.എം. | പ്രസിഡന്റ് | 15-07-2022 | 31-03-2023 |
| ശ്രീ.വിനോദ് കുമാർ.എം.പി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ. ജിതേഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 02-11-2022 |
| ശ്രീമതി.സ്മിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2022 | 31-03-2023 |
| ഡോ.സോയ.ഇ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.റനീഷ് കുമാർ എ | വി ഇ ഒ , പന്നിയൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആതിര. സി. ടി. | വി ഇ ഒ, കുറുമാത്തൂർ | 01-04-2022 | 06-02-2023 |
| ശ്രീ റനീഷ് കുമാർ എ | വി ഇ ഒ , കുറുമാത്തൂർ(അധിക ചുമതല) | 07-02-2023 | 31-03-2023 |
| ശ്രീ രാമകൃഷ്ണൻ മാവില വീട് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷമ്മ ഉണ്ണിക്കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 02-08-2022 |
| ശ്രീമതി ബിന്ധിയ കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2022 | 31-03-2023 |
| ശ്രീമതി ആശാലത എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.സിനി എൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ടിന്റിൽ | മെഡിക്കൽ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ,ഹോമിയോ | | |
| ശ്രീമതി ശൈലജ പി പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-10-2022 |
| ശ്രീമതി പ്രജിന പി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-11-2022 | 31-03-2023 |
| ശ്രീ ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ലക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും ഉള്‍പ്പെടുത്താത്തത് | 1-1-1 |
| 3 | നീക്കിയിരിപ്പ് വിവരങ്ങള്‍ ബി 4 ഷെഡ്യൂളില്‍ ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-3 |
| 5 | ഡി സി ബി സംക്ഷിപ്തം - കൃത്യതയില്ല | 1-1-4 |
| 6 | എക്സസ് ഓഫ് ഇന്‍കം ഓവര്‍ എക്സ്പെന്റിച്ചര്‍ - അപാകം പരിഹരിക്കേണ്ടതാണ് | 1-1-5 |
| 7 | ജേണല്‍ എന്‍ട്രി നടത്തി കണക്കുകള്‍ ശരിയാക്കാത്തത് | 1-1-6 |
| 8 | ആസ്തി , തേയ്മാനം - രേഖകള്‍ ഹാജരാക്കാത്തത് | 1-1-7 |
| 9 | ജേണല്‍ എന്‍ട്രി സാധൂകരിക്കുന്ന രേഖകള്‍ ഹാജരാക്കിയിട്ടില്ല | 1-1-8 |
| 10 | വസ്തു നികുതി- വാര്‍ഷിക ധനകാര്യ പത്രികയിലെ തുകയും സഞ്ചയയില്‍ നിന്നുള്ള റിപ്പോര്‍ട്ടും പൊരുത്തപ്പെടാത്തത് | 1-1-9 |
| 11 | ക്രമീകരിക്കാത്ത തുക ബി 18 ഷെഡ്യൂളില്‍ രേഖപ്പെടുത്താതെ തെറ്റായ ഹെഡില്‍ രേഖപ്പെടുത്തി | 1-1-10 |
| 12 | സംരക്ഷണ ഗ്രാന്റ്, റോഡ്- സുലേഖ ചെലവു പത്രികയിലെയും അപ്രോപ്രിയേഷന്‍ കണ്‍ട്രോള്‍ രജിസ്റ്ററിലെയും തുക പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | സ്റ്റോക്ക് രജിസ്റ്റര്‍ | 1-1-12 |
| 14 | തെറ്റായ ഹെഡില്‍ രേഖപ്പെടുത്തി | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ടെണ്ടര്‍ ഫാറം വില സര്‍ക്കാര്‍ നിശ്ചയിച്ച നിരക്കില്‍ ഈടാക്കുന്നില്ല | 1-6-1 |
| 21 | ക്ഷേമപദ്ധതികള്‍ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമസഭ | 1-10 |
| 25 | അനധികൃത കെട്ടിട നിര്‍മ്മാണം - സഞ്ചയയിലെ വിവരങ്ങളും രജിസ്റ്ററിലെ | 1-11 |

| | | |
|---|---|---|
| | വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. | |
| 26 | കെട്ടിടങ്ങളിലെ അധിക നിർമ്മാണവുമായി ബന്ധപ്പെട്ട വസ്തുനികുതി സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. | 1-12 |
| 27 | തൊഴിൽ നികുതി അപാകങ്ങൾ | 1-13 |
| 28 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക | 1-14 |
| 29 | വാണിജ്യ വ്യവസായ ആവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണത്തിലും പ്രകടമായ വ്യത്യാസം | 1-15 |
| 30 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ച സ്ഥാപനത്തിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 1-16 |
| 31 | തനത് വരുമാന സമാഹരണം -അവലോകനം | 1-17 |
| 32 | സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളിലെ അപാകങ്ങൾ -9500രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-18 |
| 33 | സുസ്ഥിര വഴി നടപ്പാക്കിയ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം- നിർവ്വഹണത്തിലെ അപാകങ്ങൾ | 1-19 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണത്തിലെ അപാകങ്ങൾ- 33,94,749രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-20 |
| 35 | വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 245723 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-21 |
| 36 | തെരുവുവിളക്കുകൾക്ക് എ എം സി- രേഖകൾ ലഭ്യമാക്കിയിട്ടില്ല-1ലക്ഷം രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-22 |
| 37 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ -രേഖകൾ ഹാജരാക്കിയിട്ടില്ല-975759 രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു. | 1-23 |
| 38 | എസ്.എസ്.എ വിഹിതം -1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾക്കുള്ള എ.എം.സി. - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 200000 രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 40 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല -153395 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-26 |
| 41 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-27 |
| 42 | റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹2457776 തടസ്സപ്പെടുത്തുന്നു. | 1-28 |
| 43 | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - പദ്ധതി | 1-29 |

| | | |
|---|---|---|
| | നിർവഹണത്തിലെ അപാകങ്ങൾ-69108രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | |
| 44 | സമൃദ്ധി-വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണം നടത്തിയ റിവോൾവിംഗ് ഫണ്ട് പദ്ധതി - തിരിച്ചടവ് നിരീക്ഷിക്കേണ്ടതും തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ് | 1-30 |
| 45 | സമൃദ്ധി-വെറ്റിനറി സർജൻ നിർവഹണം നടത്തിയ റിവോൾവിംഗ് ഫണ്ട് പദ്ധതി - തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 46 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-32 |
| 47 | കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അവലോകനം | 1-33 |
| ഭാഗം **2** | | |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ടെണ്ടർ ഫാറം വില സർക്കാർ നിശ്ചയിച്ച നിരക്കിൽ ഈടാക്കുന്നില്ല | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011 , കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ് , ധനകാര്യ കമ്മിഷൻ മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 തീയതിയിലെ 149/23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 27.06.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി യിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കു ന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയി രുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
തീയതി: 21-09-2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്താത്തത്

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2.കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 2011 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 നീക്കിയിരിപ്പ് വിവരങ്ങൾ ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റിനായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന (ബി.എം.സി.ഫണ്ട്)

2,32,256 രൂപയും സി.എസ്.ആർ ഫണ്ടായി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും ലഭിച്ച് കേരള ഗ്രാമീൺ ബാങ്കിലെ 40508101002050 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച 7,50,000 രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 378165 രൂപയും ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിൽ (ബി17 ഷെഡ്യൂൾ) തുക ഉൾപ്പെടുന്നുണ്ട്.

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് – കണക്കുകൾ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത പരാമർശത്തിന് മറുപടിയായി കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നതല്ലെന്നും സോഫ്റ്റ്‌വെയർ അപാകമാണെന്നുമാണ് അറിയിച്ചത്. ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്തി അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-4 ഡി സി ബി സംക്ഷിപ്തം - കൃത്യതയില്ല

തൊഴിൽ നികുതി , എഫ് ടി ഇ & ഒ എസ് ലൈസൻസ് എന്നിവയുടെ ഡി സി ബി സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. എഫ് ടി ഇ & ഒ എസ് രജിസ്റ്ററിൽ അഡ്വാൻസ് കലക്ഷൻ സംബന്ധിച്ച വിവരങ്ങളും മുൻവർഷത്തെ അഡ്വാൻസ് കലക്ഷനിൽ നിന്നും ക്രമീകരിച്ച തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഡി സി ബി സ്റ്റേറ്റ്മെന്റുകൾ പരിശോധനക്കായി ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.ബിൽഡിംഗ് പെർമിറ്റ് – ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്.
ബിൽഡിംഗ് പെർമ്മിറ്റ് – ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്.

## 1-1-5 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ - അപാകം പരിഹരിക്കേണ്ടതാണ്

2022-23 ലെ ബാലൻസ് ഷീറ്റിലെ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ ആയി രേഖപ്പെടുത്തിയ തുകയിൽ 3854രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്തി ആയത് പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-1-6 ജേണൽ എൻട്രി നടത്തി കണക്കുകൾ ശരിയാക്കാത്തത്

1.ബി 4 ഷെഡ്യൂളിൽ അദർലയബിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 4411രൂപ സർവ്വീസ് ചാർജ്ജിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ ഒടുക്കിയതാണെന്നാണ് മറുപടിയിൽ പരാമർശിച്ചത്. ഒടുക്കിയ തുക ബാധ്യതയായി കാണിച്ച സാഹചര്യം വ്യക്തമല്ല.

2.2013-14 സാമ്പത്തിക വർഷം എം പി ഫണ്ടിൽ നിന്നും ഗുണഭോക്തൃകമ്മിറ്റിക്ക് നല്കിയ 15000രൂപ 2022-23 സാമ്പത്തിക വർഷവും ബി 9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയത് ശരിയല്ല. ജേണൽ എൻട്രി നടത്തുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-1-7 ആസ്തി , തേയ്മാനം - രേഖകൾ ഹാജരാക്കാത്തത്

ആസ്തി , ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.
ആസ്തി രജിസ്റ്ററിൽ 31.03.22 തീയതി വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ വിവരങ്ങളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-1-8 ജേണൽ എൻട്രി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രയർപിരിയഡ് ഇനങ്ങളുടെ ജേണൽ എൻട്രി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ജേണൽ റിപ്പോർട്ട് ഐ എൽജി എം എസ് ൽ ലഭ്യമാണെന്ന മറുപടിയാണ് നല്കിയത്. അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-1-9 വസ്തു നികുതി- വാർഷിക ധനകാര്യ പത്രികയിലെ തുകയും സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ടും പൊരുത്തപ്പെടാത്തത്

വസ്തു നികുതി -സഞ്ചയ ഡി സി ബി റിപ്പോർട്ടിൽ അടുത്ത വർഷത്തേക്കുള്ള അഡ്വാൻസ് അധികമായി വരുന്നതിന് കാരണമായി അറിയിച്ചത് നികുതി റിവിഷൻ ചെയ്യുമ്പോൾ മുൻവർഷങ്ങളിലെ നികുതിയും ഓട്ടോമാറ്റിക്കായി കുറയുകയും പ്രസ്തുത തുക മുൻവർഷത്തെ കലക്ഷനിൽ നിന്ന് കുറഞ്ഞ് അഡ്വാൻസിലേക്ക് അഡ്ജസ്റ്റ് ആവുകയും ചെയ്യുന്നതിനാലാണ് ഡി സി ബിയിലെ അടുത്ത വർഷത്തേക്കുള്ള അഡ്വാൻസ് ഹെഡിൽ അധികമായി തുക കാണുന്നതെന്നാണ് . യഥാർത്ഥത്തിൽ ഇത് മുൻവർഷത്തെ കലക്ഷൻ തുകയാണ് എന്നതിനാൽ അഡ്വാൻസ്

ഹെഡിലേക്ക് മാറ്റുന്നത് ശരിയല്ലാത്തതിനാലാണ് ഡി സി ബി യിലെ തെറ്റായ തുകയുമായി വാർഷിക ധനകാര്യ പത്രികയിലെ തുക പൊരുത്തപ്പെടുത്താതിരുന്നത് എന്നും മറുപടി നല്കി. ഐ കെ എം ന്റെ സഹായത്തോടെ അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-10 ക്രമീകരിക്കാത്ത തുക ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്താതെ തെറ്റായ ഹെഡിൽ രേഖപ്പെടുത്തി

ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയതും ക്രമീകരിക്കാത്തതുമായ തുക ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്താതെ ആസ്തിയായും ചെലവായും രേഖപ്പെടുത്തി. 2023-24 സാമ്പത്തിക വർഷം ജേണൽ എൻട്രി ചെയ്യുന്നതാണെന്നാണ് മറുപടി നല്കിയത്.

തിരിച്ചു പിടിച്ച ഫെസ്റ്റിവെൽ അഡ്വാൻസ് (₹8000) തിരിച്ചു കിട്ടാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയത് ശരിയല്ല. 2023-24 ൽ ജേണൽ ചെയ്ത് ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-11 സംരക്ഷണ ഗ്രാന്റ്, റോഡ്- സുലേഖ ചെലവു പത്രികയിലെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും തുക പൊരുത്തപ്പെടുന്നില്ല

സംരക്ഷണ ഗ്രാന്റ്, റോഡ് ഇനത്തിൽ സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയ തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും തമ്മിൽ 42,648രൂപയുടെ വ്യത്യാസമുണ്ട്.

## 1-1-12 സ്റ്റോക്ക് രജിസ്റ്റർ

ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.മറ്റ് സ്റ്റോക്ക് രജിസ്റ്ററുകളിൽ വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പതിപ്പിച്ചിട്ടില്ല.

## 1-1-13 തെറ്റായ ഹെഡിൽ രേഖപ്പെടുത്തി

സ്വച്ഛ് ഭാരത് അഭിയാനിൽ നിന്നും 2022-23 സാമ്പത്തിക വർഷം ലഭിച്ച 35055 രൂപ മുഴുവനായും തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തി.

## 1-2 ബജറ്റ്

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.03.2022 തീയതിയിലെ തീരുമാനം നമ്പർ 75/22 പ്രകാരവും പുതുക്കിയ ബജറ്റ് 23.2.23 തീയതിയിലെ തീരുമാനം നമ്പർ 2/23(1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,99,12,784.52 | 3,47,53,293 |
| വരവ് | 27,21,64,931 | 30,42,46,270 |
| ആകെ | 30,20,77,715.52 | 33,89,99,563 |
| ചെലവ് | 29,69,10,880 | 32,36,44,017 |
| നീക്കിയിരിപ്പ് | 51,66,835.52 | 1,53,55,546 |

## 1-3 സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,15,93,583 |
| വരവ് | 11,54,98,184 |
| ആകെ | 15,70,91,767 |

| | |
|---|---|
| ചെലവ് | 10,24,98,189 |
| നീക്കിയിരിപ്പ് | 5,45,93,578 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹6400 |
| ചെലവിനങ്ങളിലുള്ള നഷ്ടം – ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹86,06,010 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,59,30,000 | 2,59,30,000 | 2,40,38,382 | 18,91,618 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 22,02,000 | 22,02,000 | 21,78,866 | 23,134 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 1,82,85,000 | 1,82,85,000 | 1,44,78,093 (*) | 38,06,907 |
| മെയിന്റനൻസ് ഗ്രാന്റ് , നോൺ-റോഡ് | 0 | 57,80,000 | 57,80,000 | 56,21008 | 1,58,992 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 2,55,531 | 4639554+ 161578(പലിശ) | 4895085+ 161578(പലിശ) | 4884154 | 172509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 29,15,161 | 61,36,096 | 90,51,257 | 61,37,190 | 29,14,067 |
| എം പി ഫണ്ട് | 25,295 | 696 | 25,991 | 0 | 25,991 |
| പൈക്ക | 77,517 | 2361 | 79,878 | 118 | 79,760 |
| എസ് എസ് എ | 2,11,365 | 6089 | 2,17,454 | 0 | 2,17,454 |
| സ്വച്ച് ഭാരത് അഭിയാൻ | 0 | 3,50,055 | 3,50,055 | 3,50,055 | 0 |
| ടി എസ് സി | 7,08,567 | 15,41,636 | 22,50,203 | 12,00,000 | 10,50,203 |
| ഇന്റഗ്രേറ്റഡ് വാട്ടർ ഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 2,67,275 | 7698 | 2,74,973 | 0 | 2,74,973 |
| വിമുക്തി ഗ്രാന്റ് | 52,613 | 0 | 52,613 | 0 | 52,613 |
| ഐ സി ഡി എസ് | 12,098 | 21,92,662 | 22,04,760 | 10,63,876 | 11,40,884 |
| സാക്ഷരത | 7,239 | 145 | 7,384 | 0 | 7,384 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 2,31,871 | 2,31,871 | 1,43,084 | 88,787 |
| ഹെൽത്ത് ഗ്രാന്റ്- പി എച്ച് സി എഫ് എച്ച് സി യായി ഉയർത്താൻ | 0 | 81,142 | 81,142 | 0 | 81,142 |

| | | | | | |
|---|---|---|---|---|---|
| എൻ എച്ച് എം | 0 | 6,14,860 | 6,14,860 | 6,14,860 | 0 |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 13,31,181 | 97,40,180 | 1,10,71,361 | 27,91,380 | 82,79,981 |
| മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം | 20,720 | 0 | 20,720 | 0 | 20,720 |
| ജില്ലാ പഞ്ചായത്ത് വിഹിതം , റവന്യൂ | 3,67,500 | 0 | 3,67,500 | 0 | 3,67,500 |
| ജില്ലാ പഞ്ചായത്ത് വിഹിതം ,കാപ്പിറ്റൽ | 17,28,775 | 0 | 17,28,775 | 17,28,775 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- കാപ്പിറ്റൽ | 46,59,712 | 0 | 46,59,712 | 4,79,592 | 41,80,120 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 3,20,000 | 0 | 3,20,000 | 0 | 3,20,000 |
| സി എസ് ആർ ഫണ്ട് | 0 | 7,50,000 | 7,50,000 | 3,71,835 | 3,78,165 |
| ബി എം സി ഫണ്ട് | 3,73,620 | 8,636 | 3,82,256 | 1,50,000 | 2,32,256 |
| നഗരസഞ്ചയ | 0 | 4,01,151 | 4,01,151 | 4,01,151 | 0 |

*കാരാക്കൊടി എളമ്പേരം പാറ റോഡ് ടാറിംഗും റീ ടാറിംഗും എന്ന സ്പിൽ ഓവർ പ്രവൃത്തിക്കായി ചെലവഴിച്ച 42648രൂപ ( എ സി ആർ പ്രകാരം) സുലേഖ ചെലവു പത്രികയിൽ വന്നിട്ടില്ല പ്രോജക്ട് നമ്പർ 28/23(*)

ഗ്രാന്റ് പത്രിക

ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 210 | 16,73,95,556 | 162 | 7,83,04,244 | 42 | 48 | 120 | 57 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 46,86,584 | 46,86,584 | 100 |
| 2 | വെറ്റിനറി സർജൻ | 11 | 11 | 37,28,000 | 33,92,553 | 91 |
| 3 | മെഡിക്കൽ ഓഫീസർ, പിഎച്ച് സി | 14 | 10 | 43,48,952 | 34,87,552 | 80 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 1,25,000 | 1,22,378 | 98 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വി ഇ ഒ 1 | 11 | 9 | 5,98,15,000 | 1,17,00,584 | 20 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 12 | 9 | 90,28,139 | 72,91,202 | 81 |
| 7 | സെക്രട്ടറി | 39 | 30 | 1,36,72,925 | 85,05,620 | 62 |
| 8 | ഹെഡ്മാസ്റ്റർ | 8 | 6 | 20,03,064 | 17,98,706 | 90 |
| 9 | വി ഇ ഒ 2 | 14 | 11 | 60,68,719 | 36,63,369 | 60 |
| 10 | അസി. എഞ്ചിനീയർ | 88 | 64 | 6,17,59,173 | 3,19,34,806 | 52 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 14,00,000 | 9,75,759 | 70 |
| 12 | അസി.സെക്രട്ടറി | 4 | 3 | 7,60,000 | 7,45,131 | 98 |
| | ആകെ | 210 | 162 | 16,73,95,556 | 7,83,04,244 | 46.77 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | |
|---|---|
| മുന്നിരിപ്പ് | 9426 |
| വരവ് | 4,48,86,124 |
| ആകെ | 44895550 |
| ചെലവ് | 44887129 |
| നീക്കിയിരിപ്പ് | 8421 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-ടെണ്ടർ ഫാറം വില സർക്കാർ നിശ്ചയിച്ച നിരക്കിൽ ഈടാക്കുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012 (പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000രൂപ മുതൽ 1000000രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2%(100ന്റെ ഗുണിതങ്ങളിൽ) , ചുരുങ്ങിയത് 400രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി ഒ(പി)3/15/Fin /Dated 05.01.2015 ൽ 50000 രൂപ മുതൽ 10 ലക്ഷം രൂപ വരെ മൂല്യമുള്ളവയ്ക്ക് ചുരുങ്ങിയത് 500രൂപയും പരമാവധി 2000രൂപയും എന്ന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാരിൽ നിന്നും 200+ 12% ജി എസ് ടി നിരക്കിൽ മാത്രമാണ് ടെണ്ടർ ഫാറം വില ഈടാക്കിയി ട്ടുള്ളത്.ടെണ്ടർ ഫാറം വില കുറഞ്ഞ നിരക്കിൽ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | സാധനവില (എസ്റ്റിമേറ്റ് പ്രകാരം) | ഈടാക്കേണ്ട ടെണ്ടർ ഫാറം വില (0.2% Minimum 400/- +GST(12%) | ഈടാക്കിയത് | വിൽപ്പന നടത്തിയ ടെണ്ടർ ഫാറങ്ങളുടെ എണ്ണം, മറ്റ് വിവരം | കുറവ് |
|---|---|---|---|---|---|---|
| 1 | മുണ്ടപ്പാലം ആര്യൻചാൽ റോഡ് കോൺക്രീറ്റ് | 424782 | 900+108=1008 | 200+24=224 | 2 | (700+84)*2= 784*2=1568 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മുണ്ടേരി ചരലിന്മേൽ പീടിക റോഡ് കോൺക്രീറ്റ് | 376372 | 800+96=896 | 200+24=224 | 2 | (600+72)*2= 672*2=1344 |
| 3 | പള്ളിവയൽ ഒറ്റകണ്ടം റോഡ് കോൺക്രീറ്റ് | 424782 | 900+108=1008 | 200+24=224 | 2 | (700+84)*2= 784*2=1568 |
| 4 | വരഡൂൽ അമ്പലം കപ്പാലം മുതൽ ആശാരിക്കോട്ടം വരെ തോട് സൈഡ് കെട്ടി സംരക്ഷണം | 313290 | 700+84=784 | 200+24=224 | 2 | (500+60)*2= 560*2=1120 |
| 5 | അട്ടക്കം മുണ്ടത്തോട് റോഡ് കോൺക്രീറ്റ് | 424781 | 900+108=1008 | 200+24=224 | 2 | (700+84)*2= 784*2=1568 |
| | | | | | | 6400+768 =₹7168 |

സർക്കാർ ഉത്തരവു പ്രകാരമുള്ള നിരക്കിൽ തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 34/20.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറം വില ഈടാക്കി എം.എൻ.ആർ.ഇ.ജി.എസ്. ഫണ്ടിലും ജി.എസ്.ടി. സർക്കാരിലേക്കും ഒടുക്കുവരുത്തേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,02,95,600 | 737 |
| വിധവാപെൻഷൻ | 1,80,56,000 | 1310 |
| വാർദ്ധക്യകാലപെൻഷൻ | 2,94,03,200 | 2349 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 50,91,200 | 387 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 10,19,600 | 74 |
| വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2023ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹35347 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ്

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

വാർഷിക ധനകാര്യ പത്രിക ,രജിസ്റ്റർ സൂക്ഷിപ്പ്

ഐ എൽ ജി എം എസിൽ വൗച്ചറുകളും അനുബന്ധ രേഖകളും അപ്ലോഡ് ചെയ്തിട്ടുണ്ട്. വൗച്ചർ ലിസ്റ്റ് ഓഡിറ്റർ ലോഗിനിൽ ലഭ്യമാകുന്നില്ല. ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ വന്ന അപാകങ്ങൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്. തൊഴിൽ നികുതി , എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്ററുകളിൽ തൻവർഷത്തെ അഡ്വാൻസ് കലക്ഷൻ / മുൻവർഷത്തെ അഡ്വാൻസ് കലക്ഷൻ ക്രമീകരിച്ചത് എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്താതിരുന്നത് അപാകമാണ്. അഡ്വാൻസ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി തുക ക്രമീകരിക്കുന്ന മുറക്ക് ഒഴിവാക്കുന്നില്ല. അതുകൊണ്ടു തന്നെ നാളിതു വരെയായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. സാമ്പത്തിക മൂല്യമുള്ള രേഖകൾ എന്ന നിലയിൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്ക്

അതാത് സാമ്പത്തിക വർഷം പൂർത്തിയാകത്തക്ക വിധം എഗ്രിമെന്റ് വച്ച് ഡെപ്പോസിറ്റ് വർക്കുകൾ ക്രമീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

പത്രവരിസംഖ്യ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 43 വായനശാലകളിലെ പത്രവരിസംഖ്യ തനതു ഫണ്ടിൽ നിന്ന് നല്കുന്നുണ്ട്. ഏജന്റുമാരുടെ പേരു വച്ചാണ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് എന്നതിനാൽ ഓരോ വായനശാലയ്ക്കു വേണ്ടിയും നല്കിയ തുകയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിയുന്നില്ല. മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള വരിസംഖ്യ നല്കുന്നതിനായി ഓഡിറ്റ് വർഷം 2,28,142രൂപ ചെലവഴിച്ചിട്ടുണ്ട്. വായനശാലകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് അപൂർണ്ണമാണ്. മിക്കവയിലും പങ്കെടുത്തവരുടെ ഒപ്പു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മിനുട്സ് പൂർത്തിയാക്കി യഥാസമയം ക്ലോസ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് അതാത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-10 ഗ്രാമസഭ

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലേയും ഗ്രാമസഭകൾ ഓഡിറ്റ് വർഷം നാലു തവണ വീതം സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. പദ്ധതി രൂപീകരണം, അവലോകനം,ലൈഫ് ഗുണഭോക്താക്കളെ അംഗീകരിക്കൽ, വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ , ഭിന്നശേഷി സവിശേഷ തിരിച്ചറിയൽ കാർഡിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഗ്രാമപഞ്ചായത്തിൽ നിന്നു ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച വിശദീകരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർബജറ്റ്,ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവ പ്രധാന അജണ്ടകളാണ്.

## 1-11 അനധികൃത കെട്ടിട നിർമ്മാണം - സഞ്ചയയിലെ വിവരങ്ങളും രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ പത്ത് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 2/303A | ചെരിച്ചിൽ കാർത്യായിനി |
| 2 | 5/206A | കൊവ്വൽ പുതിയപുരയിൽ അബ്ദുള്ളക്കുട്ടി |

| | | |
|---|---|---|
| 3 | 5/374C | പുതിയപുരയിൽ ഇക്ബാൽ |
| 4 | 6/554A | രാജീവൻ കെ.കെ. |
| 5 | 7/60C | ശാന്ത |
| 6 | 14/481A | ഇ.വി.രാജേഷ് |
| 7 | 14/481B | ഇരുട്കാവിൽ പ്രജീഷ് |
| 8 | 15/549A | സജിനി |
| 9 | 15/551A | സതി |
| 10 | 16/271B | അഷറഫ് |

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.മേൽ പട്ടികയിൽ കൊടുത്തവയിൽ ക്രമ നം.8,9 എന്നിവ ഒഴികെയുള്ളവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2.രജിസ്റ്ററിൽ ചേർത്തിരിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | വ്യക്തമല്ല | സുനിത ബെൻ |
| 2 | 5/110G-L | പുതിയപുരയിൽ മുഹമ്മദ് അഷറഫ് |
| 3 | 5/468A | സെക്രട്ടറി,പള്ളിവയൽ പുതിയ ഭഗവതി സംഘം, മുയ്യം |

3. പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.സർക്കാർ ഉത്തരവ് നം. (എം.എസ്) 170/2016 തസ്വഭവ തീയതി 16.11.2016 ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാകുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (19/17.07.23) അപാകങ്ങൾ പരിഹരിച്ച് മേൽ ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം അനധികൃത നിർമ്മാണ രജിസ്റ്റർ പരിപാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളിലെ അധിക നിർമ്മാണവുമായി ബന്ധപ്പെട്ട വസ്തുനികുതി സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുന്നില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 208, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ അധിക നിർമ്മാണം (Extension) നടത്തുമ്പോൾ പ്രസ്തുത ഭാഗത്തിന്റെ വസ്തുനികുതി കൂടി ഡിമാൻഡിൽ ഉൾപ്പെടുത്തുന്നുണ്ടോയെന്ന് അറിയുന്നതിനായി നടത്തിയ പരിശോധനയിൽ ആയത് കൃത്യമായി ഡിമാൻഡ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഉദാഹരണമായി 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ നടപ്പിലാക്കിയ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം' എന്ന പ്രൊജക്ടിലെ പഠനമുറി നിർമ്മാണം (120 ച.അടി) പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ വീടിന്റെ വസ്തുനികുതി സഞ്ചയയിൽ പരിശോധിച്ചപ്പോൾ അധിക നിർമ്മാണം നടത്തിയ ഭാഗത്തിന്റെ വസ്തുനികുതി ഡിമാൻഡ് ചെയ്തിട്ടില്ല എന്ന് കണ്ടു. കൂടാതെ അപേക്ഷയോടൊപ്പം സമർപ്പിച്ച അംഗീകൃത പ്ലാനിൽ വീടിന്റേതായി കാണിച്ചിരിക്കുന്ന വസ്തുനികുതി സഞ്ചയ പ്രകാരം ഡിമാൻഡ് ചെയ്തു വരുന്ന

വസ്തുനികുതിയേക്കാൾ കൂടുതലാണ്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/ പദ്ധതി, ഗുണഭോക്താവ് | വാർഡ്/ കെട്ടിട നം. | പ്ലാൻ പ്രകാര മുള്ള Existing Area (ച.മീ) | പഠനമുറിയുടെ വിസ്തീർണ്ണം (ച.മീ) | വസ്തുനികുതി ഡിമാൻഡ് ചെയ്യപ്പെ ടേണ്ട ആകെ വിസ്തീർണ്ണം (ച.മീ) | സഞ്ചയ പ്രകാരം വസ്തുനികുതി ഡിമാൻഡ് ചെയ്തുവരുന്ന വിസ്തീർണ്ണം (ച.മീ) | വ്യത്യാസം (ച.മീ) |
|---|---|---|---|---|---|---|---|
| 1 | മടക്കുടിയൻ മോഹനൻ | 10/92A | 87.62 | 11.15 | 98.77 | 75 | 23.77 |
| 2 | ബീന കെ | 5/445 | 84.89 | 11.11 | 96 | 65.24 | 30.76 |
| 3 | കൊയിലി യേരിയൻ പവിത്രി | 4/5 | 74.23 | 11.14 | 85.37 | 37.5 | 47.87 |
| 4 | കെ.പി.ഗണേശൻ | 16/470 | 78.93 | 10.22 | 89.15 | 48 | 41.15 |

അധിക നിർമ്മാണത്തിന്റെ വസ്തുനികുതി 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ച് (തറവിസ്തീർണ്ണം അടിസ്ഥാനമാക്കി) ഡിമാൻഡ് പുതുക്കി നിശ്ചയിക്കേണ്ടതാണ്.മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (18/17.07.23) ആയത് പരിശോധിച്ച് വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.ചട്ടം 24 പ്രകാരം അധിക നിർമ്മാണം യഥാക്രമം പഞ്ചായത്തിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള 500 രൂപ പിഴയും ഈടാക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് കൂടാതെ അധിക നിർമ്മാണം നടത്തുകയും തുടർന്ന് ആയത് റെഗുലറൈസ് ചെയ്യാതിരിക്കുകയും ചെയ്ത കെട്ടിടങ്ങളെ കണ്ടെത്താൻ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള ചോദ്യത്തിന് മറുപടിയായി നികുതി റിവിഷന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിൽ ആയത് പരിശോധിക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.77/2023/തസ്വഭവ തി:22.3.23 പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തുമ്പോൾ മേൽ സൂചിപ്പിച്ച തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമീകരിച്ച് വസ്തുനികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.

2.2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പെർമിറ്റിന്റെ കാലാവധി അഞ്ചുവർഷമാണ്. പെർമിറ്റ് കാലാവധി പൂർത്തിയായ നിർമ്മാണങ്ങളുടെ വസ്തു നികുതി കൃത്യമായി ഡിമാൻഡ് ചെയ്യപ്പെടുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് സഞ്ചയയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ വേണ്ടി 2016-17, 17-18 വർഷത്തെ പെർമിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചുവെങ്കിലും ആയതിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പെർമിറ്റ് രജിസ്റ്ററിന്റെ ഫോർമാറ്റ് പ്രകാരം അപേക്ഷ ലഭിക്കുന്നതു മുതൽ പെർമിറ്റ് അനുവദിച്ച് നിർമ്മാണം പൂർത്തിയായി കെട്ടിട നമ്പർ ചേർക്കുന്നത് വരെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള കാര്യങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. തുടർന്ന് നമ്പർ ലഭിച്ചോ പെർമിറ്റ് യഥാസമയം പുതുക്കിയോ എന്നുള്ള കാര്യങ്ങളിലൊന്നും വ്യക്തതയില്ല. അതിനാൽ കെട്ടിട നിർമ്മാണം / അധികനിർമാണം എന്നിവയ്ക്കായി പെർമിറ്റ് എടുത്തവരുടെ കാര്യത്തിൽ ആയതു പൂർത്തിയായി കൃത്യമായി വസ്തുനികുതി ഡിമാൻഡ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അധിക നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചവയുടെ കാര്യത്തിൽ നിലവിലുള്ള ബിൽഡിങ്ങിന്റെ കെട്ടിട നമ്പർ രജിസ്റ്ററിൽ ചേർക്കാത്തതിനാൽ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ വസ്തുനികുതി ഡിമാൻഡ് ചെയ്തോ എന്ന് സഞ്ചയിൽ പരിശോധിക്കുവാൻ സാധിക്കുന്നില്ല. മുൻ വർഷങ്ങളിൽ പെർമിറ്റ് എടുത്ത നിർമ്മാണ കാലാവധി പൂർത്തിയായ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാൻഡ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് കൂടാതെ അധിക നിർമ്മാണം നടത്തുകയും തുടർന്ന് ആയത് റെഗുലറൈസ് ചെയ്യാതിരിക്കുകയും ചെയ്ത കെട്ടിടങ്ങളെ കണ്ടെത്താൻ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/17.07.23) മറുപടിയായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു

നികുതി നിർണ്ണയിച്ച ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും 30 ദിവസത്തിനകം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും കെട്ടിട ഉടമകൾ ചട്ടലംഘനം നടത്തിയതിനാൽ 1000 രൂപ അല്ലെങ്കിൽ പുതിയ വസ്തു നികുതി ഏതാണോ കൂടുതൽ ആയത് ചുമത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകങ്ങൾ

2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ട്രാൻസ്ഫറായി പോയ ഉദ്യോഗസ്ഥർ തൊഴിൽ നികുതി ഒടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 24 ,1994 ലെ കേരളാ പഞ്ചായാത്ത് രാജ്(തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം3 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ള ഏതൊരാളിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനം 12000 രൂപയ്ക്ക് മുകളിലാണെങ്കിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണ് . പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനത്തിൽ രണ്ടുമാസത്തി ലധികം ജോലി ചെയ്യുകയും തുടർന്ന് മറ്റൊരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഓഫീസിലേക്ക് ട്രാൻസ്ഫറായി പോവുകയും ചെയ്ത ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അവർ ട്രാൻസ്ഫറായി പോയ ഓഫീസിൽ തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ട്രാൻസ്ഫറായി പോയവർ പ്രസ്തുത ഓഫീസിൽ തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്/സ്ഥാപനം | ട്രാൻസ്ഫറായ തിയതി | തൊഴിൽ നികുതി ഒടുക്കേണ്ടിയിരുന്ന അർദ്ധവർഷം |
|---|---|---|
| ഡോ.ഹന പി.പി,GHD പന്നിയൂർ | 17.7.22 | ഒന്നാം അർദ്ധവർഷം |
| ഡോ.ട്വിൻറ്റിൽ തോമസ്,GHD പന്നിയൂർ | 1.8.22(ജോയിൻ ചെയ്തു) | ഒന്നാം അർദ്ധവർഷം |
| ആന്റണി കെ.ടി/PHC | 29.12.22 | രണ്ടാം അർദ്ധവർഷം |

2.ബോണസ്/ഉത്സവബത്ത എന്നിവ ചേർക്കാതെ തൊഴിൽ നികുതി കണക്കാക്കുന്നു.

ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുമ്പോൾ ജീവനക്കാരുടെ ബോണസ്/ഉത്സവബത്ത എന്നിവ ചേർക്കാതെയാണ് തൊഴിൽ നികുതി കണക്കാക്കിയിരിക്കുന്നത്. ഉദാ:കൃഷിഭവൻ, കുറുമാത്തൂർ, വെറ്റിനറി ഡിസ്പെൻസറി . സർക്കുലർ നം.35917/ഡി1/2000/തസ്വഭവ തി:27.7.2000 പ്രകാരം ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ് ,അഡ് ഹോക്ക് ബോണസ്, ഫെസ്റ്റിവൽ അലവൻസ്, എക്സ്ഗ്രേഷ്യ എന്നീ ഇനങ്ങളിൽ ഉള്ള തുകയുടെ നേർപകുതി വീതം രണ്ട് അർദ്ധ വർഷത്തെയും വരുമാനമായി കണക്കാക്കേണ്ടതാണ്. താരതമ്യേന വരുമാനം കുറഞ്ഞ ജീവനക്കാരുടെ കാര്യത്തിൽ ബോണസ്, ഉത്സവബത്ത എന്നിവ ചേർക്കാതെ അർദ്ധ വാർഷിക വരുമാനം കണക്കാക്കുന്നതുമൂലം തൊഴിൽ നികുതിയിൽ വ്യത്യാസം വരാനിടയുണ്ട്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (22/17.07.23) തുടർന്നു വരുന്ന വർഷങ്ങളിൽ റിട്ടേണിൽ ചേർക്കുന്ന വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക

1.കുറുമാത്തൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന മുറികളുടെ എല്ലാ മാസങ്ങളിലെയും വാടക പിരിച്ചെടുത്തിട്ടില്ല എന്ന് വ്യക്തമായി.

| റൂം നം | വാടകക്കാരന്റെ പേര് | വാടക ഈടാക്കാത്ത മാസം |
|---|---|---|
| XI-243 | നിയാസ് ടി കെ | 2022 ഒക്ടോബർ മുതൽ |

| | | |
|---|---|---|
| VI-263-E | നിയാസ് ടി കെ | 2022 ഒക്ടോബർ മുതൽ |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 4/15.07.2023) നിയാസ് ടി കെ എന്നിവർക്ക് നൽകിയ കെട്ടിടത്തിന്റെ വാടക 2022 ഒക്ടോബർ മുതൽ കുടിശ്ശിക ആയതിനാൽ ഈടാക്കുന്നതിന് തളിപ്പറമ്പ ജ്യുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

2. വാടക രജിസ്റ്ററിൽ റെസിപ്റ്റ് നമ്പർ കൃത്യമായി രേഖപെടുത്തുന്നില്ല. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി വാടക രജിസ്റ്റർ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതും സാക്ഷ്യപ്പെടുത്തിയ ഡി സി ബി സംക്ഷിപ്തം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-15 വാണിജ്യ വ്യവസായ ആവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണത്തിലും പ്രകടമായ വ്യത്യാസം

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ എഫ്.ടി.ഇ.ആൻഡ് ഓ എസ് ലൈസൻസിനുള്ള അപേക്ഷകൾ, ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നിലവിൽ മുൻവർഷത്തെ എഫ്.ടി.ഇ.ആൻഡ് ഓ എസ് ലൈസൻസ് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് തൻവർഷത്തെ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നത് എന്നു കണ്ടു. 2022-23 സാമ്പത്തിക വർഷം വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.
എഫ്.ടി.ഇ.ആൻഡ് ഓ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 755 വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് 2022-23 വർഷം എഫ്.ടി.ഇ.ആൻഡ് ഓ.എസ്. ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ നിന്നും 976 കെട്ടിടങ്ങളിലായാണ് എഫ്.ടി.ഇ.ആൻഡ് ഓ എസ് ലൈസൻസ് അനുവദിച്ച 755 വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്ന് കണ്ടു. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 3610 കെട്ടിടങ്ങളെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. 2634 (3610-976) കെട്ടിടങ്ങളിൽ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.
വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണത്തിലും പ്രസ്തുത ആവശ്യത്തിനായി വസ്തു നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണത്തിലും 2634 എണ്ണത്തിന്റെ വ്യത്യാസം വരാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/17.07.2023) മറുപടിയായി ആയത് ഫീൽഡ് പരിശോധന നടത്തി ഉറപ്പു വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കൃത്യമായ ഫീൽഡ് പരിശോധന നടത്തി വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ച സ്ഥാപനത്തിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

ശ്രീ ഹബീബ്. പി എന്നവർ ലൈസൻസിനായുള്ള മെഡി കെയർ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്ക് എന്ന സ്ഥാപനം 2022-23 വർഷം എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും (LF:5000/1221000999/17.9.22) 2022-23 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ആയത് പരാമർശിച്ച് എൻക്വയറി (17/17.7.23) നൽകിയതിനെ തുടർന്ന് ടി സ്ഥാപനം 20.7.23 ന് രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്.
1997 ലെ കേരളാ പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ , ചട്ടം3,5 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനമോ രജിസ്ട്രേഷൻ എടുക്കാതെയോ ആയത് പുതുക്കാതെയോ പ്രവർത്തിക്കാൻ പാടുള്ളതല്ല. ആയത് ലംഘിക്കുന്ന പക്ഷം കുറ്റസ്ഥാപനത്തിൻ മേൽ കേരളാ പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം കുറ്റസ്ഥാപനത്തിന്മേൽ ഈടാക്കേണ്ട 5000രൂപ പിഴ ഈടാക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തനത് വരുമാന സമാഹരണം -അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ , രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യൂ ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

വസ്തുനികുതി

തനതു വരുമാനത്തിൽ ഭൂരിഭാഗവും റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിലുള്ള വരുമാനമാണ്. നിലവിൽ സ.ഉ(കൈ)നം.77/2023/തസ്വഭവ തി:22.3.23, എസ്.ആർ.ഒ നം.479/2023 തി:5.4.23 പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എസ്.ഡി3-4562/2023 തി:14.6.23 പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ വിഭാഗം കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 5.5.23 തീയതിയിലെ 44/23 നം തീരുമാന പ്രകാരം ഫീൽഡ് പരിശോധന നടത്തി വിവിധ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ 30.6.23 നകം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിയിൽ ഫീൽഡ് പരിശോധന പൂർത്തിയായിട്ടില്ല.
പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ യഥാക്രമം 10%, 20% എന്നിങ്ങനെ ഇളവുള്ളതിനാൽ കൂടുതൽ മേഖലകളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തുന്നത് വരുമാന വർദ്ധനവിന് കാരണമാകും.
ഗ്രാമപഞ്ചായത്തിലെ മേഖലാ വിഭജനം റോഡുകളിൽ നിന്നുള്ള അകലം കണക്കാക്കിയാണ് നിശ്ചയിച്ചിരിക്കുന്നത്. സഞ്ചയയിൽ നടത്തിയ റാൻഡം പരിശോധനയിൽ നിന്നും ഒരേ റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ വ്യത്യസ്ത മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നതായി കണ്ടു. ഉദാഹരണമായി ഗ്രാമപഞ്ചായത്തിന്റെ 2011 ലെ വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം ഇരിട്ടി തളിപ്പറമ്പ് സ്റ്റേറ്റ് ഹൈവേ (ഇടിസി മുതൽ നെടുമുണ്ട വരെ) യിൽ നിന്ന് 150 മീറ്റർ വരെ പ്രഥമ മേഖലയാണ്. ഇതേ റോഡിൽ നിന്നും പ്രവേശന മാർഗം കാണിക്കുന്ന കെട്ടിടങ്ങൾ സ്വാഭാവികമായും പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടതാണ്. എന്നാൽ സഞ്ചയയിൽ പ്രസ്തുത റോഡിൽനിന്ന് പ്രവേശന മാർഗം കാണിച്ചിരിക്കുന്ന ചില കെട്ടിടങ്ങൾ ദ്വിതീയമേഖലയിലും ചിലത് തൃതീയ മേഖലയിലും ഉൾപ്പെട്ടതായി കണ്ടു. വസ്തുനികുതി പരിഷ്കരണം നടത്തുമ്പോൾ മേഖലയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ക്രമവൽകരണത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ എണ്ണത്തിൽ നിന്നും നിരവധി കെട്ടിടങ്ങൾ പെർമിറ്റ് എടുക്കാതെ അധിക നിർമ്മാണം നടത്തുന്നുണ്ടെന്ന് ബോധ്യപ്പെട്ടു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി നികുതി നിർണയം നടത്തേണ്ടതാണ്. തെരുവു വിളക്ക് , ഡ്രെയിനേജ് തുടങ്ങി ഗ്രാമപഞ്ചായത്ത് നല്കുന്ന സേവനങ്ങളുമായി ബന്ധപ്പെടുത്തി സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

സ.ഉ(എം.എസ്)നം.358/2015/തസ്വഭവ തി:16.12.15 പ്രകാരം 60 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഏക കുടുംബ വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 60 ച.മീറ്ററിൽ താഴെ Proposed Build Up Area ഉള്ള നിർമ്മാണത്തിന് NOC എടുത്ത വീടുകൾ നിർമ്മാണം പൂർത്തിയാകുമ്പോൾ 60 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണം വന്നുവെങ്കിലും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെടാൻ സാധ്യതയുണ്ട്. ആയത് പരിശോധിക്കപ്പെടേണ്ടതാണ്.
എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഭരണസമിതി അംഗീകാരമുള്ള വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് നിലവിൽ തയ്യാറാക്കിയിട്ടില്ല. നിലവിൽ നടത്തുന്ന ഫീൽഡ് പരിശോധനയുടെ ഭാഗമായി ആയത് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തിയത് എങ്ങനെ എന്ന് വ്യക്തമല്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോൾ പമ്പ്, ക്രഷർ ,ജ്വല്ലറി തുടങ്ങിയ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. എന്നാൽ ₹5000മോ അതിൽ താഴെയോ ലൈസൻസ് ഫീസ് മാത്രമാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരിക്കുന്നത്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ച് വരുന്നുണ്ട്.ഏതെങ്കിലും സ്ഥാപനം വിട്ടുപോയിട്ടുണ്ടോയെന്ന് ഫീൽഡ് പരിശോധനാ സമയത്ത് പരിശോധിക്കാവുന്നതാണ്.

വാടക

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളോ മുറികളോ ഉണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധന പരമാവധി പ്രയോജനപ്പെടുത്തി എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളിലെ അപാകങ്ങൾ -9500രൂപയുടെ ചെലവ്

തടസത്തിൽ വെക്കുന്ന

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി, തുക | വിവരണം | അപാകം |
|---|---|---|---|
| 1 | 22200121/10.05.22 ₹25500 | പി എച്ച് സി ഫാർമ്മസിസ്റ്റ്, ക്ലീനിംഗ് സ്റ്റാഫ് വേതനം | ഈവിനിംഗ് ഒ പി യിലെ ക്ലീനിംഗ് സ്റ്റാഫിന് 519 രൂപ നിരക്കിൽ ദിവസ വേതനം നല്കി . മുഴുവൻ സമയ ക്ലീനിംഗ് സ്റ്റാഫിനുള്ള വേതനം ഈവിനിംഗ് ഒ പി യിലെ ക്ലീനിംഗ് സ്റ്റാഫിന് നല്കിയത് ശരിയല്ല. |
| 2 | 22200234/27.06.22 ₹9500 | ജനകീയ സഹകരണത്തോടെ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളിൽ കേടായവ മാറ്റുന്നതിന് 50 എൽ ഇ ഡി ബൾബുകൾ വാങ്ങിയത് | ജനകീയ സഹകരണത്തോടെ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് തീയതിയിൽ 11 സ്ട്രീറ്റ് ലൈറ്റുകൾ ബാക്കിയുണ്ട്. കേടായതുമായും മാറ്റിയിട്ടതുമായും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്ട്രീറ്റ് ലൈറ്റുകൾ മാറ്റിയിട്ടത്. |

പാർട്ട് ടൈം ക്ലീനിംഗ് സ്റ്റാഫിന് നല്കേണ്ട വേതനം സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഭാവിയിൽ വേതനം നല്കേണ്ടതുമാണ്.
ജനകീയ സഹകരണത്തോടെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച വ്യവസ്ഥകളുടെ അഭാവത്തിൽ ബൾബുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 9500രൂപ തടസത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-19 സുസ്ഥിര വഴി നടപ്പാക്കിയ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം- നിർവ്വഹണത്തിലെ അപാകങ്ങൾ

വൗച്ചർ നമ്പർ 22200345/03.08.22 ₹1,50,000

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.10.2021 ലെ 245/21 നമ്പർ തീരുമാന പ്രകാരം കുറുമാത്തൂർ ഐ ടി ഐ കോമ്പൌണ്ടിൽ ബയോ ഡൈവേർസിറ്റി പാർക്ക് സ്ഥാപിക്കുന്നതിന് പ്രൊപ്പോസലുകൾ ക്ഷണിച്ചത് പ്രകാരം ലഭിച്ച പ്രപ്പോസലുകളും പഞ്ചായത്ത് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശയും പരിഗണിച്ച് സുസ്ഥിര ,പരിയാരം സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കുന്നതിനും ഇത് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 25.10.2021 ലെ 2414/എ8/2018/കെ എസ് ബി ബി ഉത്തരവു പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ ചൂനം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഐ ടി ഐ കോമ്പൗണ്ടിൽ ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കാൻ അനുമതി നല്കി. 24.12.2021 തീയതിയിൽ 15.03.2022 തീയതിക്കകം പൂർത്തിയാക്കണമെന്ന നിബന്ധനയിൽ സുസ്ഥിരയുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റിൽ ഏർപ്പെടുകയും (ക്വാട്ടഡ് റേറ്റ് 2,98,640രൂപ –12% ജി എസ് ടി ഉൾപ്പെടെ) സുസ്ഥിരയുടെ കംപ്ലീഷൻ റിപ്പോർട്ടിന്റെ (2,98,640രൂപ) അടിസ്ഥാനത്തിൽ 1,50,000രൂപ നല്കുകയും ചെയ്തിട്ടുണ്ട്. (ബാക്കി തുക നല്കിയിട്ടില്ല)

1.പാർക്ക് സ്ഥാപിക്കുന്നതിനോടൊപ്പം പാർക്കിന്റെ പരിപാലനത്തിനായും അവബോധം സൃഷ്ടിക്കുന്നതിനും പരിശീലനം നല്കുന്നതിനായുള്ള ചെലവുകളും സുസ്ഥിരയുടെ പ്രൊപ്പോസലിൽ ഉൾപ്പെടുന്നുണ്ട്. മൂന്ന് ബാച്ചുകൾക്ക് 1 ദിവസം വീതം പരിശീലനം നല്കുന്നതിനായി 36000 രൂപയാണ് വകയിരുത്തിയത്. പരിശീലനച്ചെലവുകൾക്കും 12% ജിഎസ് ടി ബാധകമാക്കിയത് ശരിയല്ല.

2.മഴവെള്ള സംഭരണിക്കായി 30000രൂപ വകയിരുത്തിയിട്ടുണ്ട്.എന്നാൽ വിശദാംശങ്ങൾ എസ്റ്റിമേറ്റിലോ കംപ്ലീഷൻ റിപ്പോർട്ടിലോ ഉൾപ്പെടുത്തിയിട്ടില്ല. മഴവെള്ള സംഭരണി സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.കുഴൽക്കിണറിൽ നിന്ന് പാർക്കിലേക്ക് വെള്ളം എത്തിക്കുന്നതിനായി പി വി സി പൈപ്പ് സ്ഥാപിക്കുന്നതിന് 13000രൂപ ചെലവഴിച്ചതായി കംപ്ലീഷൻ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.എന്നാൽ കംപ്ലീഷൻ റിപ്പോർട്ടിനൊപ്പം സമർപ്പിച്ച ഫോട്ടോകളിൽ ഓപ്പൺ വെല്ലിൽ മോട്ടോർ സ്ഥാപിച്ചതായാണ് രേഖപ്പെടുത്തിയത്.

4.ഇനം നമ്പർ 16 -ലാറ്ററൈറ്റ് മാഷനറി ഫോർ ഫൗണ്ടേഷൻ & ബേസ്‌മെന്റ് ആണ്. ആയതിന് 8346.4/ക്യു.മീ നിരക്ക് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ഡാറ്റ ഹാജരാക്കിയിട്ടില്ല.
സുസ്ഥിര സമർപ്പിച്ചത് 298640രൂപയുടെ കംപ്ലീഷൻ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. (എഗ്രിമെന്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തതായാണ് സുസ്ഥിരയുടെ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്) . ഏജൻസി നടപ്പിലാക്കിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ബാക്കി തുക അനുവദിക്കേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണത്തിലെ അപാകങ്ങൾ-33,94,749രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -- സെക്രട്ടറി
ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 34,80,749 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽ/വൗച്ചർ നമ്പർ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് കണ്ണൂർ | 08/23,കുറുമാത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,മഞ്ചാൽ ശ്മശാനം എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മാണവും മോട്ടോർസ്ഥാപിക്കലും | ₹4,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 98/26.10.2022, ₹86,000 337/22.3.2023, ₹1,48,000 | ₹ 234000 | ₹148000 പൂർത്തീകരണ വിവരം,ഭൂജല വകുപ്പുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയില്ല. (₹86000 വിനിയോഗ വിവരം ലഭ്യമാക്കി.) |
| ഭൂജല വകുപ്പ് കണ്ണൂർ | 269/23, കുറുമാത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | ₹8,62,905 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 22200989/ 22.02.2023 | ₹800000 | ₹ 800000 (പൂർത്തീകരണ വിവരം, വിനിയോഗ വിവരം , ഭൂജല വകുപ്പുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയില്ല) |
| കെ എസ് ഇ ബി കരിമ്പം | 254/23,ബാവുപ്പറമ്പ-ചൊറുക്കള കോടിലേരി എയർപോർട്ട്റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ(SO) | ₹244600 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 318/19.03.2023 | ₹244600 (കെ എസ് ഇ ബി കരിമ്പം) | ₹244600 (പൂർത്തീകരണ വിവരം, വിനിയോഗ വിവരം ,കെ.എസ് ഇ ബിയുമായി ചമച്ച കരാർ എന്നിവ |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയില്ല) |
| കെ എസ് ഇ ബി കരിമ്പം | 11/23,തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് മെയിൻ വലിക്കൽ | (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹15,62,800, വികസന ഫണ്ട് ₹61140) | 97/26.10.2022, ₹1500000<br>108/10.11.2022 ₹62800<br>135/08.12.2022 ₹61140 | ₹1623940 കെ എസ് ഇ ബി, കരിമ്പം | ₹1623940<br>(പൂർത്തീകരണ വിവരം, വിനിയോഗ വിവരം ,കെ.എസ് ഇ ബിയുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയില്ല) |
| കെ എസ് ഇ ബി | 281/23,തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് മെയിൻ വലിക്കൽ ഫേസ് 2 | (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹537200) | 319/19.03.2023 ₹355041, (കെ.എസ്.ഇ ബി.ഇലക്ട്രിക്കൽ സെക്ഷൻ ധർമ്മശാല) 284/13.03.2023 ₹159548,(കെ എസ് ഇ. ബി കരിമ്പം ) | ₹514589 | ₹514589<br>(പൂർത്തീകരണ വിവരം, വിനിയോഗ വിവരം , കെ.എസ് ഇ ബി യുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയില്ല) |
| കെ എസ് ഇ ബി | പട്ടുവലം വെള്ളച്ചാൽ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗിന് | തനത് ഫണ്ട് | വൗച്ചർ നമ്പർ 22200110/05.05.22 | ₹22387 | ₹22387 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| കെ എസ് ഇ ബി | മുയ്യം ടവർ ട്രാൻസ്ഫോമറിനു കീഴിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കാൻ | തനത് ഫണ്ട് | വൗച്ചർ നമ്പർ 22200386/20.08.22 | ₹6254 | ₹6254 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| ഭൂജല വകുപ്പ് | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കുഴൽക്കിണർ ഫ്ലഷിംഗിന് | തനത് ഫണ്ട് | വൗച്ചർ നമ്പർ 22200496/27.09.22 | ₹14907 | ₹14907 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗിന് | തനത് ഫണ്ട് | വൗച്ചർ നമ്പർ 22200767/28.12.22 | ₹20072 | ₹20072 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| | | | | ₹3480749 | ₹33,94,749 |

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 & സർക്കുലർ നമ്പർ SA1/64/22/LSGD DT 9.3.2022 എന്നിവ പ്രകാരം കെ എസ് ഇ ബി ,കെ ഡബ്ല്യ എ, ജി ഡബ്ല്യ എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സാമ്പത്തിക വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്യുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യത കൂടിയായിരിക്കും. എന്നാൽ നിബന്ധനകൾ പാലിക്കാതെ സാമ്പത്തിക വർഷാവസാനമാണ് ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (33/20.07.2023,39/20.07.2023) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ വിവരം, വിനിയോഗവിവരം ,കെ.എസ് ഇ ബി/ജി ഡബ്ല്യ എ യുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി വിവരം നിരീക്ഷിക്കുന്നതിന് ഡെപ്പോസിറ്റ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നരജിസ്റ്റർ പരിപാലിക്കേണ്ടതും മുൻവർഷങ്ങളിലേതുൾപ്പെടെ ക്രമീകരിക്കാൻ ബാക്കിയുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും വിനിയോഗം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലും 33,94,749രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 245723 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | തുക കൈപ്പറ്റിയ സ്ഥാപനം | ഓഡിറ്റ് എൻക്വയറി നമ്പർ,തീയതി |
|---|---|---|---|---|
| 69/23, ഇൻഫോർമേഷൻ കേരള മിഷന് പ്രവർത്തന വിഹിതം നൽകൽ | ₹95723, വികസനഫണ്ട് -ജനറൽ | ₹95723 | ഇൻഫോർമേഷൻ കേരള മിഷൻ | 31/20.07.23 |
| 266/23, സ്മാർട്ട് ഐ-ഫേസ് 1 | ₹50000,ധനകാര്യകമ്മീഷൻ ഗ്രാന്റ് | ₹50000 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 32/20.07.23 |
| 274/23, എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | ₹100000,വികസനഫണ്ട് പൊതുവിഭാഗം | ₹100000 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 37/20.07.23 |
| | ആകെ | ₹2,45,723 | | |

₹2,45,723 യുടെ ചെലവ് തടസത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകൾക്ക് എ എം സി- രേഖകൾ ലഭ്യമാക്കിയിട്ടില്ല-1ലക്ഷം രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | തെരുവുവിളക്കുകൾക്ക് എ എം സി(SO) |
| പ്രൊജക്ട് നം | 79/23 |
| അടങ്കൽ | ₹300000 തനത് ഫണ്ട് |
| ചെലവ് | ₹100000 |
| വൗച്ചർ നം/ തീയ്യതി, തുക | 22201240/31.03.2023 , ₹100000 |

മേൽ പ്രോജക്ട് പ്രകാരം തെരുവുവിളക്കുകളുടെ എ എം സി ക്കായി ടെണ്ടർ ലഭിച്ച നിധീഷ് പി, സൺ പവർ

ഇലക്ട്രിക്കൽസ് എന്നയാൾക്ക് ₹100000 നല്കിയിട്ടുണ്ട്. തുക അനുവദിച്ചതിന് ആധാരമായ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1. റിപ്പയർ നടത്തിയ തെരുവ് വിളക്കുകളുടെ വിവരം

2. റിപ്പയർ നടത്തിയത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം

3. കരാറുകാരനുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

ടെണ്ടർ നൽകിയിട്ടുള്ളത് തെരുവുവിളക്കുകളുടെ എണ്ണത്തിനനുസരിച്ചായതിനാൽ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരം ലഭ്യമല്ലാത്തതിനാൽ അനുവദിച്ച തുക കൃത്യമാണോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

മേൽക്കാരണങ്ങളാൽ 100000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

റിപ്പയർ നടത്തിയ തെരുവുവിളക്കുകളുടെ വിവരം, റിപ്പയർ സംബന്ധിച്ച സാക്ഷ്യപത്രം,കൃത്യമായ വ്യവസ്ഥകൾ രേഖപ്പെടുത്തിയ എഗ്രിമെന്റ് എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-23 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ -രേഖകൾ ഹാജരാക്കിയിട്ടില്ല- 975759 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 135/23,ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ ₹1400000 | ₹700000 , വികസനഫണ്ട്- പൊതു വിഭാഗം<br>₹350000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹350000 , ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹ 9,75,759<br>₹700000 – വികസന ഫണ്ട്<br>₹205936 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹69823 – ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നമ്പർ & തീയ്യതി | 190/2022-23 തീയതി 25-01-2023-₹1,23,234<br>191/2022-23 തീയതി 25-01-2023-₹1,29,978<br>192/2022-23 തീയതി 25-01-2023-₹1,46,788<br>219/2022-23 തീയതി 08-02-2023-₹1,01,612<br>305/2022-23 തീയതി 16-03-2023-₹57,096<br>306/2022-23 തീയതി 16-03-2023-₹50,061<br>307/2022-23 തീയതി 16-03-2023-₹91,231<br>22190352008601091275/25-01-2023-₹58632<br>22190352008601091283/ 25-01-2023-₹52329<br>22190352008601091295/ 25-01-2023-₹94975<br>22190352008601159809/ 08-02-2023-₹69823 |

പ്രോജക്ടുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് 9,75,759 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ,വരുമാന പരിധി പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 26/19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 9,75,759 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 എസ്.എസ്.എ വിഹിതം -1000000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ.പി സ്കൂൾ |
| പ്രോജക്ടിന്റെ നമ്പരും പേരും | 97/23,എസ്.എസ്.എ വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹10,00,000,വികസനഫണ്ട്-ജനറൽ |
| ചെലവ് | ₹ 10,00,000 |
| ബിൽ നമ്പർ & തീയ്യതി | 86/2022-23 തീയ്യതി 10-10-2022 |

എസ്.എസ്.എ വിഹിതം നൽകൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ 1000000 രൂപ എസ് എസ് കെ യ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ എസ്.എസ്.കെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31.03.2022 വരെ (2021-2022) 979715 രൂപ കുടിശ്ശികയായതായി പറഞ്ഞിട്ടുണ്ട്. ടി തുക കുടിശ്ശികയാകാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 6/15.07.2023) എസ്.എസ്.കെ പഞ്ചായത്തിൽ നടത്തിയ ചെലവുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് കുടിശ്ശിക ഉണ്ടെങ്കിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾക്കുള്ള എ.എം.സി. - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 200000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 130/23, കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ധനസഹായം |
| അടങ്കൽ | ₹200000 (വികസന ഫണ്ട്,ജനറൽ) |
| ചെലവ് | ₹200000 |
| ബിൽ നം.,തീയതി | 185/24.1.2023 |

പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 5 കുട്ടികൾക്ക് ഉപകരണത്തിന്റെ വാർഷിക പരിപാലന തുക നൽകുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷന് 200000 രൂപ മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുട്ടികളുടെ ഉപകരണത്തിന്റെ വാർഷിക പരിശോധന നടത്തിയതിന്റെ വിശദവിവരവും (ഓഡിറ്റ് എൻക്വയറി നം.9/16.7.2023). വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല -153395 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, പി എച്ച് സി,കുറുമാത്തൂർ

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | KMSCL ന് അനുവദിച്ച തുക | മരുന്നുകൾ / ഉപകരണങ്ങൾ ലഭിച്ചത് | ലഭിക്കാൻ ശേഷിക്കുന്നത് |
|---|---|---|---|---|
| 1 | നം.63/23,പകർച്ച/പകർച്ചേതര വ്യാധികളുടെ നിയന്ത്രണം<br>അടങ്കൽ:₹350000 (തനത്ഫണ്ട്)<br>ചെലവ് :₹2,66,268<br>ചെക്ക്നം.JF1243227/10.11.2022 | ₹74999 | ₹70992 | ₹4007 |

| | | | | |
|---|---|---|---|---|
| 2 | നം.13/23,പി.എച്ച്.സി.യിലേക്ക് ആവശ്യമായ മരുന്ന് , സർജിക്കൽസ് , ലാബ് റീ എജന്റ് എന്നിവ വാങ്ങൽ<br>അടങ്കൽ & ചെലവ് :₹700000<br>(₹100000 (വികസന ഫണ്ട്)<br>₹600000 (MG-NR))<br>ബിൽനം., തീയതി,തുക<br>24/12.7.22-₹98850<br>27/23.7.22-₹14325<br>28/23.7.22 - ₹99950<br>38/4.8.22 - ₹250000<br>100/2.11.22 - ₹99560<br>161/4.1.23 - ₹99580<br>210/2.2.23 - ₹37315<br>211/2.2.23 - ₹420 | ₹250000 | ₹156933 | ₹93067 |
| 3 | നം.12/23,പാലയേറ്റീവ് ഹോം കെയർ അടങ്കൽ:₹850000(₹750000(വികസന ഫണ്ട്) , ₹100000 (തനത് ഫണ്ട്))<br>ചെലവ്:₹837340(₹7,50,000(വികസന ഫണ്ട്),₹87340 (തനത് ഫണ്ട്) | ₹300000<br>ബിൽ നം. 25/12.7.22 | ₹243679 | ₹56321 |
| | | | ആകെ | ₹1,53,395 |

മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/16.7.2023 ന് മേൽ സൂചിപ്പിച്ചവ ലഭിച്ചിട്ടില്ലെന്ന മറുപടിയാണ് നല്കിയത്. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ടി ഇൻത്തിലെ ചെലവ് തുകയായ ₹153395 (₹4007+₹93067+₹56321) തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് എൻടി നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-27 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പന്നിയൂർ സർക്കിൾ |
| പ്രോജക്റ്റ് നം. & പേര് | 277/23, ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹200000 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹4900 (തനത് ഫണ്ട്)<br>₹204900 |
| ചെലവ് | ₹197700 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം. &തീയതി | 323/21.03.23 |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ

സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകളിൽ ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ₹135700 | ₹12000 | ₹7200 | ₹50000 | ₹204900 |

ആയത് പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ₹197700 കെൽട്രോണിന്റെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ടിൽ (A/c No.3311002100016241) ക്രഡിറ്റ് ചെയ്യുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/16.7.2023 ന് കെൽട്രോൺ 10000 QR കോഡുകളും ലാപ്പ്ടോപ്പും വിതരണം ചെയ്തിട്ടുണ്ടെന്നും വീടുകളിലും സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിച്ച് വിവര ശേഖരണം നടന്നു വരുന്നുണ്ടെന്നും ആയത് പൂർത്തിയായാലുടൻ ഹരിതമിത്രം ആപ്പ് വഴി ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിട്ടറിംഗ് ചെയ്യാൻ സാധിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-28 റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹2457776 തടസ്സപ്പെടുത്തുന്നു.

ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി റെയ്ഡ്കോയിൽ നിന്നും റിംഗ് കമ്പോസ്റ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതികളുമായി ബന്ധപ്പെട്ട് അധിക വിവരം ലഭ്യമാക്കേണ്ടതുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th></th><th colspan="2">പ്രോജക്ട് വിശദാംശങ്ങൾ</th><th>പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം</th><th>റെയ്ഡ്കോയുടെ ഇൻവോയിസ് പ്രകാരമുള്ള റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം</th><th>ഇൻവോയിസ് പ്രകാരമുള്ള തുക</th></tr>
<tr><td rowspan="3">1</td><td>നം.55/23 (SO)</td><td>റിംഗ് കമ്പോസ്റ്റ് വിതരണം</td><td rowspan="3">പരാമർശിച്ചിട്ടില്ല</td><td>250</td><td>₹625000<br>(Inv.No.TPA/56 /22-23/<br>19.5.2022</td></tr>
<tr><td>അടങ്കൽ<br>&<br>ചെലവ്</td><td>₹600000 (CFC)<br>₹1200000 (CF)<br>₹200000 (Others)<br>₹2000000</td><td rowspan="2">550</td><td rowspan="2">₹1374999<br>(Inv.No.TPA/141 /22-23/<br>12.7.2022</td></tr>
<tr><td>ബിൽ നം. /ചെക്ക് നം., തീയതി & തുക</td><td>26/12.7.2023<br>₹600000<br>ചെക്ക് നമ്പർ 047553/18.1.2023</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | ₹1200000<br>ചെക്ക് നമ്പർ 047553/18.1.2023<br>₹200000 (Vr. 22200856/19.1.23) | | | |
| 2 | 223/23(SO) | റിംഗ് കമ്പോസ്റ്റ് വിതരണം | 226 | 45 | ₹130050<br>Inv.dt.1.3.2023<br>₹98838 ബില്ല്, വൗച്ചർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |
| | അടങ്കൽ | ₹588400 (CFC)<br>₹66250 (Others)<br>₹654650 | | | |
| | ചെലവ് | ₹215883 | | | |
| | ബിൽ നം, തീയതി & തുക | 259/28.2.2023<br>₹117045<br>396/30.3.2023<br>₹98838 | | | |
| 3 | നം.268/23 | റിംഗ് കമ്പോസ്റ്റ് വിതരണം- നഗര സഞ്ചയപരിപാടി | 465 | 93 | ₹268770 |
| | അടങ്കൽ | ₹500000 (CFC)<br>₹9465(തനത് ഫണ്ട്)<br>₹834385(മറ്റുള്ളവ)<br>ആകെ₹1343850 | | | |
| | ചെലവ് | ₹241893 (CFC) | | | |
| | ബിൽ നം, തീയതി | 263/28.2.2023 | | | |

1. ക്രമനം. 1 പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റുകൾ അനുവദിച്ചുവെന്ന് വ്യക്തമല്ല.

2.സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. മുൻ വർഷം എത്ര റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തിട്ടുണ്ടെന്നോ തൻ വർഷം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന എണ്ണം എത്രയാണെന്നോ പ്രോജക്ടിൽ നിന്നോ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നോ വ്യക്തമല്ല.

3. റെയ്ഡ്കോ തുക കൈപ്പറ്റിയതിന്റെ രശീതി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറി നം. 15/17.7.2023 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമനം. 1

സ്പിൽ ഓവർ പദ്ധതിയായി 2022-23 ൽ പൂർത്തിയായതാണെന്നും ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നുവെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രമോ എത്ര റിംഗ് കമ്പോസ്റ്റുകൾ ടി പദ്ധതി പ്രകാരം സ്ഥാപിച്ചുവെന്നതിന്റെ വിവരമോ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.2, 3 പ്രകാരമുള്ള റിംഗ് കമ്പോസ്റ്റ് വിതരണം പൂർത്തിയാകാത്തതിനാൽ സ്പിൽ ഓവറായി 2023-24 ൽ തുടരുന്നുണ്ടെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രശീതി ഉൾപ്പെടെ ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ക്രമ നം. 2 ൽ ഉൾപ്പെട്ട ബില്ലും അനുബന്ധ വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പ്രോജക്ടുകൾ പ്രകാരം വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട്, റെയ്ഡ്കോ തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവയുടെ അഭാവത്തിൽ ടി ഇനങ്ങളിലെ ചെലവ് തുകയായ ₹2457776 (₹2000000+ ₹215883+₹241893) തടസ്സപ്പെടുത്തുന്നു.

പദ്ധതി വിശദാംശങ്ങൾ, സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ഇൻവോയിസ് നം, & തീയതി, തുക , എണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-29 ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ-69108രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>പന്നിയൂർ സർക്കിൾ |
| പ്രോജക്ട് നം. & പേര് | 119/23, ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് |
| അടങ്കൽ | ₹42096 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹200000 (തനത് ഫണ്ട്)<br>₹242096 |
| ചെലവ് | ₹242096 |
| ബിൽ നം. & തീയതി | 66/5.9.2022 - ₹42096(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>- ₹2,00,000(തനതു ഫണ്ട്-വൗച്ചർ നമ്പർ 22200472/14.09.22)<br>(69108 ഗ്യാപ്പ് ഫണ്ട്+130892 ക്ലീൻ കേരള കമ്പനി) |

ഹരിതകർമ്മസേനയ്ക്ക് ഗ്യാപ്പ് ഫണ്ട് നല്കുക , ലെഗസി മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

1. പഞ്ചായത്ത് ഹരിതകർമ്മസേനയുടെ പ്രധാന വരുമാന മാർഗം വീടുകളിൽ നിന്നും ലഭിക്കുന്ന യൂസർ ഫീയാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്നതുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിത കർമ്മസേനക്ക്

ലഭിക്കേണ്ടുന്ന പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവുവന്ന തുകയാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി അനുവദിക്കേണ്ടത്. പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ₹69108 വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. എന്നാൽ എപ്രകാരമാണ് ഈ തുക കണക്കാക്കിയതെന്ന് വ്യക്തമല്ല. ഗ്യാപ് ഫണ്ട് കണക്കാക്കിയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി / രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/17.7.2023 ന് ഹരിത കർമ്മ സേനാംഗങ്ങൾ ഹാജരാക്കിയ വിവിധ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗ്യാപ്പ് ഫണ്ട് കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ 69108 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. കൃത്യമായ ചെലവ് രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

2. 2022-23 വർഷത്തെ ക്യാഷ് ബുക്ക് പൂർത്തിയാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് ക്യാഷ് ബുക്ക് പൂർത്തിയാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ആയതിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ബുക്ക് ദൈനംദിന വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-30 സമൃദ്ധി-വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണം നടത്തിയ റിവോൾവിംഗ് ഫണ്ട് പദ്ധതി - തിരിച്ചടവ് നിരീക്ഷിക്കേണ്ടതും തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ ജനങ്ങൾക്കായി സുസ്ഥിര ജീവനോപാധി സംരംഭങ്ങൾക്ക് ധനസഹായം നല്കുന്ന പദ്ധതിയാണ് സമൃദ്ധി.സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിലും സ്ഥിരവരുമാനവും ഉണ്ടാക്കുകയും അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം. ധനസഹായമായി അനുവദിക്കുന്ന തുക നിശ്ചിത ഗഡുക്കളായി തിരിച്ചടക്കേണ്ടതും ആയത് ഉപയോഗപ്പെടുത്തി കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.
സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തുകയും സംരംഭകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അംഗീകൃത പ്രോജക്ടിന്റെ 10% തുകയാണ് റിവോൾവിംഗ് ഫണ്ടായി അനുവദിച്ചത്. 2017-18 മുതൽ സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ടി പദ്ധതികളുടെ രജിസ്റ്റർ, തിരിച്ചടവ് വരവു വെക്കുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് (A/c No. 40508101032200, കേരള ഗ്രാമീൺ ബാങ്ക്, ചൊർക്കള) എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സംരംഭകർ റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു

| ക്രമ നം. | ബാങ്ക് | ഗുണഭോക്താവിന്റെ പേര് | ആരംഭിച്ച സംരംഭം | വായ്പ തുക ₹ | അനുവദിച്ച റിവോൾവിംഗ് ഫണ്ട് ₹ | തിരിച്ചടച്ച തുക ₹ | ബാക്കി ₹ |
|---|---|---|---|---|---|---|---|
| 1 | കുറുമാത്തൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | നസീമ പി കെ | പലചരക്ക് കട | 100000 | 10000 | 6840 | 3160 |
| 2 | | സെക്കീന സി | പലഹാര നിർമ്മാണ യൂണിറ്റ് | 100000 | 10000 | 8500 | 1500 |
| 3 | | റഫീന സി | സോഡാ നിർമ്മാണം | 100000 | 10000 | 8500 | 1500 |
| 4 | | ഫാസില എം ടി ടി | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 100000 | 10000 | 5200 | 4800 |
| 5 | | സുവർണ്ണ കെ കെ | പേപ്പർ ബാഗ് നിർമ്മാണം | 500000 | 50000 | 7000 | 43000 |

| | | | | |
|---|---|---|---|---|
| | ആകെ അനുവദിച്ച റിവോൾവിംഗ് ഫണ്ട് | 90000 | 36040 | 53960 |

ക്രമ നം.1 29.6.2018 ലും ക്രമ നം. 2,3,4 യഥാക്രമം 26.6.2019, 27.6.2019, 3.6.2019 ലും ക്രമ നം. 5 28.5.2021 ലും തിരിച്ചടവ് ആരംഭിച്ചിട്ടുണ്ട്. മേൽ വ്യക്തികളിൽ നിന്നും തിരിച്ചടക്കാൻ ബാക്കിയുള്ള തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/21.7.2023 ന് റിവോൾവിംഗ് ഫണ്ട് എത്രയും പെട്ടെന്ന് തിരിച്ചടപ്പിക്കുന്നതിനായി റജിസ്റ്റേഡ് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കി തുടർ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-31 സമൃദ്ധി-വെറ്ററിനറി സർജൻ നിർവഹണം നടത്തിയ റിവോൾവിംഗ് ഫണ്ട് പദ്ധതി - തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ -- വെറ്ററിനറി സർജ്ജൻ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ ജനങ്ങൾക്കായി സുസ്ഥിര ജീവനോപാധി സംരംഭങ്ങൾക്ക് ധനസഹായം നല്കുന്ന പദ്ധതിയാണ് സമൃദ്ധി.
സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേക്ക് വകയിരുത്തുകയും സംരംഭകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അംഗീകൃത പ്രോജക്ടിന്റെ 10% തുകയാണ് റിവോൾവിംഗ് ഫണ്ടായി അനുവദിച്ചത്. 2017-18 മുതൽ സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.

റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച രജിസ്റ്റർ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള റീഫ്ലപ്പ്മെന്റ് പാസ്ബുക്ക് (A/c No.405081010 KGB, Chorukala) എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സംരംഭകർ റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | ഗുണഭോക്താവിന്റെ പേര് | ആരംഭിച്ച സംരംഭം | വായ്പ തുക ₹ | അനുവദിച്ച റിവോൾവിംഗ് ഫണ്ട് ₹ | തിരിച്ചടച്ച തുക ₹ | ബാക്കി ₹ |
|---|---|---|---|---|---|---|---|
| 1. | കുറുമാത്തൂർ സർവീസ് സഹകരണ ബാങ്ക് | 1.പുരുഷോത്തമൻ പി | പശു,ആട്, കോഴി വളർത്തൽ | 500000 | 50000 | 2000 | 48000 2.6.2022 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു |
| | | 2.മാത്യു ഡൊമിനിക്ക് | പശുവളർത്തൽ | 200000 | 20000 | 13000 | 7000 |
| | | സമൃദ്ധി 2017-18- (വനിത) | | | | | |
| | | 1.ജയന്തി കെ | ആട് വളർത്തൽ | 70000 | 7000 | 3000 | 4000 2.6.22 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു |
| | | 2.നൌഷത്ത് കെ പി | മുട്ടക്കോഴി വളർത്തൽ | 100000 | 10000 | 9700 | 300 |
| | | 3.റഹ്മത്ത്.സി കെ | പശുവളർത്തൽ | 75000 | 7500 | 6800 | 700 |
| | | 4.സൈബുന്നീസ പി എം | മുട്ടക്കോഴി വളർത്തൽ | 100000 | 10000 | 13800 | 3800 അധികം |
| | | 5.ഹാജിറ വി പി | കോഴി വളർത്തൽ | 100000 | 10000 | 5000 | 5000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 6.ഷക്കീല ചൊറുക്കള | കോഴി ഫാം | 100000 | 10000 | 10300 | 300 അധികം |
| | | 7.അനീസ കെ സി | ആട് വളർത്തൽ | 100000 | 10000 | 700 | 9300 2.6.22 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു |
| | | 8.ലളിത പി | പശുവളർത്തൽ | 100000 | 10000 | 5500 | 4500 |
| | | 9.ബിന്ദു സി വി | കോഴി വളർത്തൽ | 50000 | 5000 | 4300 | 700 |
| | | 10.രൂപ എം വി | പശുവളർത്തൽ | 500000 | 50000 | 10000 | 40000 2.6.22 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു |
| | | 2019-20 (Spill Over) | | | | | |
| | | 1.ശിവദാസൻ പി വി | പശുവളർത്തൽ | 100000 | 10000 | 7000 | 3000 |
| സമൃദ്ധി- വനിത Spill Over | | | | | | | |
| കുറുമാത്തൂർ സർവീസ് സഹകരണ ബാങ്ക് | | 1.ബദരിയ പി എം | കോഴി വളർത്തൽ | 100000 | 10000 | 4600 | 5400 |
| | | 2.സബീന കെ | പശുവളർത്തൽ | 100000 | 10000 | 6000 | 4000 |
| | | 3.നബീസ കെ | പശുവളർത്തൽ | 100000 | 10000 | 8000 | 2000 |
| | | 4.മുജീറ | ഇറച്ചിക്കോഴി വളർത്തൽ | 100000 | 10000 | 9200 | 800 |
| | | 5.ഗൗരി ഇ | ഇറച്ചിക്കോഴി വളർത്തൽ | 100000 | 10000 | 7000 | 3000 |
| | | 6.തസ്രീമ കെ | ഇറച്ചിക്കോഴി വളർത്തൽ | 100000 | 10000 | തിരിച്ചട ച്ചിട്ടില്ല. 2.6.2022ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു | 10000 |
| 2 | പാപ്പിനിശ്ശേരി കോ-ഓപ്പ് റൂറൽ ബാങ്ക് | ഉമൈറ ചിറ്റാരി കടവത്ത് | കോഴി വളർത്തൽ | 150000 | 15000 | 12500 | 2500 |
| സമൃദ്ധി 2020-21 | | | | | | | |
| 1 | കുറുമാത്തൂർ സർവീസ് സഹകരണ ബാങ്ക് | അഷ്റഫ് സി കെ | പശു വളർത്തൽ | 100000 | 10000 | തിരിച്ചട ച്ചിട്ടില്ല. | 10000 |
| | | ശിവദാസൻ പി വി | പശു വളർത്തൽ | 100000 | 10000 | തിരിച്ചട ച്ചിട്ടില്ല. | 10000 |
| | | ഷംസുദ്ദീൻ പി എം | പശു വളർത്തൽ | 100000 | 10000 | തിരിച്ചട ച്ചിട്ടില്ല. | 10000 |

റിവോൾവിംഗ് ഫണ്ട് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ശിവദാസൻ പി വി എന്ന വ്യക്തിക്ക് മുമ്പ് അനുവദിച്ച റിവോൾവിംഗ് ഫണ്ട് മുഴുവൻ തിരിച്ചടക്കാതെ തന്നെ (₹3000)2020-21 ൽ വീണ്ടും ഫണ്ട് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

2. 31.3.2023 ൽ റിവോൾവിംഗ് ഫണ്ടിന്റെ അക്കൗണ്ടിൽ ₹459717 നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് തുടർ

പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ ശ്രദ്ധയിൽ പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറി നം. 41/21.7.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

റിവോൾവിംഗ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുകയുടെ സമയബന്ധിതമായ തിരിച്ചടവ് ഉറപ്പു വരുത്തേണ്ടതും ആയത് ഉപയോഗപ്പെടുത്തി പുതിയ സംരംഭകർക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും സൈബുന്നീസ പി എം, ഷെക്കീല , ചൊറുക്കള എന്നിവർ അധികം അടവാക്കിയ തുക (യഥാക്രമം ₹3800,₹300) മേൽ വ്യക്തികൾക്ക് തിരികെ നല്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-32 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. & പേര് | 85/22, കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹10,00,000 (വികസന ഫണ്ട്) |
| ചെലവ് | ₹10,00,000 |
| ബിൽ നം. & തീയതി | 217/7.2.2023 |

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭ തെരഞ്ഞെടുത്ത കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള 80 കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ അളവിൽ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി . പദ്ധതി നിർവഹണത്തിനായി SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (TSB A/c No.71901140000003) ₹1000000 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-33 കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന് വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്.

എ) ജൈവ മാലിന്യസംസ്കണം

ഗ്രാമ പഞ്ചായത്തിൽ 8508 വീടുകളും 755 വ്യാപാര സ്ഥാപനങ്ങളും 9 സ്കൂളുകളും 4 ആശുപത്രികളും ഉണ്ട്. ഗാർഹിക ഉറവിട സംസ്കരണത്തിന് റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, സോക്ക് പിറ്റ്, ബയോഗ്യാസ് പ്ലാന്റ്, ഉന്മൂർമുഴി എന്നീ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ 5 സാമ്പത്തീക വർഷങ്ങളിലായി വിതരണം ചെയ്ത മാലിന്യ സംസ്കരണ ഉപാധികളും അവയ്ക്ക് വേണ്ടി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം | പൈപ്പ് കമ്പോസ്റ്റ് എണ്ണം | റിംഗ് കമ്പോസ്റ്റ് എണ്ണം | വകയിരുത്തിയ തുക (₹) | ചെലവഴിച്ചത് (₹) |
